## ഭരണഭാഷ - മാതൃഭാഷ

ടെലഫോൺ ; 2721278

എൻ.സി.സി ഡയറക്ടറേറ്റ്
(കേരളവും ലക്ഷദ്വീപും)
സംസ്ഥാന വിഭാഗം
തിരുവനന്തപുരം-10

നമ്പർ : 6861/ഡി1-എസ്റ്റാ/മെഡി/2018/എൻ.സി.സി

05 ഒക്ടോബർ 2018

പ്രേഷിതൻ

അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി

സ്വീകർത്താവ്

ഗ്രൂപ്പ് കമാൻഡർ
എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്
തിരുവനന്തപുരം,കൊല്ലം,കോട്ടയം,
എറണാകുളം,കോഴിക്കോട്

സർ,

വിഷയം : എൻ.സി.സി എസ്റ്റാ - സംസ്ഥാന സർക്കാർ ജീവനക്കാരുടെ ആരോഗ്യ ഇൻഷുറൻസ് പദ്ധതി വിവരങ്ങൾ ലഭ്യമാക്കുന്നത് - സംബന്ധിച്ച്:-

സൂചന :i) ധനകാര്യ (ഹെൽത്ത് ഇൻഷുറൻസ്) വകുപ്പിന്റെ 07.08.2018-ലെ 73/2018/ധന നമ്പർ സർക്കുലർ.

ii) എൻ.സി.സി ഡയറക്ടറേറ്റിന്റെ 14.08.2018, 23.08.2018 തീയതികളിലെ 6861/ ഡി1-എസ്റ്റാ /മെഡി/2018/എൻ.സി.സി നമ്പർ കത്തുകൾ.

സൂചനകത്തുകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

താങ്കളുടെ കാര്യാലയത്തിലെ ജീവനക്കാരുടെ മെഡിക്കൽ ഇൻഷുറൻസ് (MEDISEP) പദ്ധതിയുമായി ബന്ധപ്പെട്ടുള്ള വിവരങ്ങൾ നൽകുവാൻ വേണ്ടി മേൽ സൂചന കത്തുകളിലൂടെ പ്രത്യേകം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ വിവരങ്ങൾ ഇതുവരെയും പൂർണമായും ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ താങ്കളുടെയും താങ്കളുടെ കീഴിലുള്ള കാര്യാലയങ്ങളിലെ ജീവനക്കാരുടെയും വിവരങ്ങൾ മെഡിസെപ് വെബ്സൈറ്റിലെ ഇൻഫോ മെനുവിൽ ലഭ്യമാക്കിയിരിക്കുന്ന എക്സൽ ഫോർമാറ്റിൽ കോംപാക്ട് ഡിസ്കിലും (CD), ഹാർഡ് കോപ്പിയിലുമായി തയ്യാറാക്കി വകുപ്പ്തല

..2

നോഡൽ അധികാരിക്ക് 20.10.2018 – നകം ലഭ്യമാക്കേണ്ടതാണ്. ഡി.ഡി.ഒ മുഖാന്തിരം. ഫിനാൻസ് (ഇൻഷുറൻസ്)വകുപ്പിന് നേരിട്ട് അയക്കാൻ പാടില്ല. ഗ്രൂപ്പ് തലത്തിൽ യൂണിറ്റുകളുടെ കൂടി വിവരങ്ങൾ ശേഖരിച്ച് വിവരങ്ങൾ ഗ്രൂപ്പ് തലത്തിലെ മെഡിസെപ് കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻ ഈ കാര്യാലയത്തിൽ നേരിട്ടെത്തി സമർപ്പിക്കേണ്ടതാണ്. ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുമായി ബന്ധപ്പെട്ട ലഘുലേഖ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

(ഷാനി എസ്.ജെ)
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
അഡീഷണൽ ഡയറക്ടർ ജനറൽ
എൻ.സി.സിക്കു വേണ്ടി